## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ - *684 | 04.04.2018-ൽ<br>മറുപടിയ്ക്ക് |

## തീരദേശപാതാ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം പൂവ്വാർ മുതൽ കാസർഗോഡ് കുഞ്ഞത്തൂർ വരെയുള്ള തീരദേശപാതയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ; | (എ) നിർദ്ദിഷ്ട തീരദേശപാത തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ തലപ്പാടിയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) എന്ന സ്ഥലത്തു അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് നാറ്റ്പാക്ക് രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. തീരദേശ പാതയുടെ NATPAC തയ്യാറാക്കിയ ഫൈനൽ അലൈൻമെന്റിന് 21.05.2017-ലെ സ.ഉ. (സാധാ) നം. 679/2017/ പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ജില്ലാടിസ്ഥാനത്തിൽ ഡിപി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് 653.4കി.മീ. ദൈർഘ്യമാണുള്ളത്. വിവിധ ജില്ലകളിലായി 249.19 കി.മീ നീളത്തിൽ 13 റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുകളിൽ 12 റോഡുകളുടെ 238.5 കി.മീ ഭാഗം പുനഃരുദ്ധരിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതും, ഇതിലെ 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. |

| | |
|---|---|
| (സി) ഭൂമി ലഭ്യമാക്കാത്ത സ്ഥലങ്ങളിൽ ആയത് ഏറ്റെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരും; അറിയിക്കാമോ; | (സി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനു ശേഷം മാത്രമേ തീരദേശ ഹൈവേയുടെ നിർമ്മാണത്തിന് ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിശദവിവരം അറിയുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്ക് ഇതിനകം എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ഡി) തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10.07.2017-ലെ സ.ഉ. (സാധാ) നം. 942/2017/ പൊ.മ.വ പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഉൾപ്പെട്ട 11 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) ഉണ്ട്. തീരദേശ ഹൈവേയുടെ നിർമ്മാണം 2021 ജനുവരിയിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടം 2019 സെപ്റ്റംബറിലും, രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും, മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബിയുടെ അംഗീകാരം താമസിക്കുന്ന മുറയ്ക്ക് കാലതാമസം വന്നു കൂടായ്കയില്ല. |

സെക്ഷൻ ഓഫീസർ